**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** **06-02-2023 - ൽ മറുപടിയ്ക്ക്**

**അഗസ്ത്യകൂടം ട്രെക്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അഗസ്ത്യകൂടം ട്രെക്കിംഗിൽ സഞ്ചാരികൾക്ക് പങ്കെടുക്കുന്നതിനുള്ള സമയവും നടപടിക്രമങ്ങളും വിശദമാക്കുമോ; | (എ) | അഗസ്ത്യാർകൂടം ട്രെക്കിങ്ങ് നിലവിൽ രണ്ട് രീതിയിലാണ്<br>നടത്തിവരുന്നത്. സീസണൽ ട്രെക്കിങ്ങും, ഓഫ് സീസൺ ട്രെക്കിങ്ങും. അഗസ്ത്യാർകൂടം മേഖലയിൽ അധിവസിക്കുന്ന ആദിവാസി ഗോത്രവർഗത്തിന്റെ ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ട് സീസണൽ ട്രെക്കിങ്ങ് മലയാള മാസത്തിൽ (മകരം) ആരംഭിച്ച് അതേ വർഷം കുംഭ മാസത്തിലെ ശിവരാത്രിനാളിൽ അവസാനിക്കുന്ന വിധത്തിലാണ് കാലങ്ങളായി ക്രമീകരിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലയാള മാസമായ മകരത്തിൽ തുടങ്ങി ശിവരാത്രിക്ക് 2 ദിവസത്തിന് മുൻപ് വരെയുള്ള ദിവസങ്ങളിലേക്ക് മുൻകൂറായി സഞ്ചാരികൾക്ക് ടിക്കറ്റ് ബുക്ക് ചെയ്ത് ട്രെക്കിങ്ങിൽ പങ്കെടുക്കാവുന്നതാണ്.<br><br>ഗോത്ര വർഗത്തിന്റെ ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ട് ശിവരാത്രിക്ക് മുമ്പുള്ള അവസാന 2 ദിവസങ്ങളിൽ പൊതു സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കാറില്ല, സീസണൽ ട്രെക്കിങ്ങിനു മുന്നോടിയായി ട്രെക്കിങ്ങ് വിശദാംശം വനം വകുപ്പിന്റെ വെബ് സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പരസ്യപ്പെടുത്താറുണ്ട്. ഓഫ് സീസൺ ട്രെക്കിങ്ങ് സംബന്ധിച്ച് ബുക്കിംഗ് തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിലൂടെ നടത്തിവരുന്നു. 2023 വർഷത്തെ ട്രെക്കിങ്ങ് സീസണിലെ സമയവും നടപടിക്രമങ്ങളും അടങ്ങുന്ന വിശദമായ കുറിപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ട്രെക്കിംഗിന് നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. യുനെസ്കോ പൈതൃകപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അഗസ്ത്യാർകൂടം മേഖലയിലെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും ജൈവ സമ്പത്തും നിലനിർത്തുക എന്ന ഉദ്ദേശത്തോടെ നിയന്ത്രിതമായി അതാത് വർഷങ്ങളിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവിൽ വിവക്ഷിച്ചിട്ടുള്ള ഫീസ് ഈടാക്കി സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കുന്നു. |
| (സി) | കൂടുതൽ സഞ്ചാരികൾക്ക് ട്രെക്കിംഗ് പ്രയോജനപ്രദമാക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) | ഉത്തരം "ബി" യിൽ പരാമർശിക്കും വിധം സംരക്ഷിത മേഖലയായതുകൊണ്ടുതന്നെ നിയന്ത്രിതമായി മാത്രമേ സഞ്ചാരികളെ പ്രവേശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കാലാവസ്ഥക്ക് അനുസൃതമായി ഓഫ് സീസൺ ട്രെക്കിങ്ങ് അനുവദിക്കുന്നത് നിലവിൽ കൂടുതൽ സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്നുണ്ട്. |
| (ഡി) | വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ട്രെക്കിംഗ് കേന്ദ്രങ്ങളുടെയും വിവരവും നടപടിക്രമങ്ങളും ജില്ല തിരിച്ച് വിശദമാക്കുമോ? | (ഡി) | നിലവിൽ 60 കേന്ദ്രങ്ങളിലാണ് വനം വകുപ്പ് ഇക്കോടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്. നിലവിലെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷിതവും അപകടസാധ്യത കുറവുമായ സ്ഥലങ്ങളിലാണ് വനം വകുപ്പ് ട്രെക്കിങ്ങ് പരിപാടികൾ നടപ്പിലാക്കി വരുന്നത്. വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പരിപാടികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-2 ആയും, ഇക്കോടൂറിസവുമായി ബന്ധപ്പെട്ട വനം വകുപ്പ് നടപ്പാക്കുന്ന ട്രെക്കിങ്ങ് പരിപാടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 3 ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

## അഗസ്ത്യാർകൂടം സീസൺ ട്രക്കിംഗ് - 2023

### മാർഗ്ഗനിർദ്ദേശങ്ങൾ

27.12.2022-ലെ സർക്കാർ ഉത്തരവിന്റെ (സ.ഉ.(സാധാ)നം.579/2022/വനം) അടിസ്ഥാനത്തിൽ 2023 വർഷത്തെ അഗസ്ത്യാർകൂടം സീസൺ ട്രക്കിംഗ് 2023 ജനുവരി 16 മുതൽ ഫെബ്രുവരി 15 വരെ നടത്തുന്നതാണ്. Online registration വഴി പരമാവധി 75 പേർക്കുമാത്രമേ ഒരു ദിവസം പ്രവേശനം അനുവദിക്കുകയുള്ളൂ. Online registration-ൽ ഉണ്ടാകാവുന്ന cancellation ഉൾപ്പെടെ ഓഫ്‌ലൈൻ വഴി ഒരു ദിവസം പരമാവധി 25 പേർക്ക് അനുമതി നൽകുന്നതാണ്.

- ഇന്റർനെറ്റ് കണക്ഷനും *Net Banking/Debit Card/Credit Card സൗകര്യവുമുള്ളവർക്ക് സ്വന്തമായി വനം വകുപ്പിന്റെ* [*www.forest.kerala.gov.in*](http://www.forest.kerala.gov.in) എന്ന വെബ്സൈറ്റ് അല്ലെങ്കിൽ serviceonline.gov.in/trekking സന്ദർശിച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്ത് ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.
- Online *ബുക്കിംഗ് സൗകര്യം 2023 ജനുവരി 5-ാം തീയതി രാവിലെ 11.00 മണി മുതൽ ലഭ്യമാകുന്നതാണ്.* അക്ഷയകേന്ദ്രങ്ങളിൽ പ്രവേശന ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവർ അവരുടെയും ടീം അംഗങ്ങളുടെയും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പുകൂടി കൊണ്ടുവരേണ്ടതാണ്. ട്രക്കിംഗിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും തിരിച്ചറിയൽ കാർഡ് നമ്പർ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.
- ഒരാൾക്കുള്ള ടിക്കറ്റ് നിരക്ക് *1,800/-* രൂപയാണ്. പരമാവധി 5 പേരുകൾ മാത്രമേ ഒരു ടിക്കറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അക്ഷയകേന്ദ്രങ്ങളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവരിൽ നിന്നും ടിക്കറ്റ് നിരക്കിന് പുറമേ payment gateway ചാർജ്ജും സേവനനിരക്കും ചേർത്ത് താഴെ പറയുന്ന തുക ഈടാക്കുന്നതായിരിക്കും.

  ഒന്നുമുതൽ അഞ്ചുപേർ വരെയുള്ള ടിക്കറ്റിന് - 50/- രൂപ
- ഈ ട്രക്കിംഗ് അതീവ ദുർഘടമായ വനപ്രദേശങ്ങളിലൂടെ ആയതിനാൽ നല്ല ശാരീരിക ക്ഷമതയുള്ളവർ മാത്രമേ ട്രക്കിംഗിൽ പങ്കെടുക്കാവൂ. 14 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ട്രക്കിംഗിനായി അപേക്ഷിക്കുവാൻ സാധിക്കുകയില്ല. സ്ത്രീകൾക്ക് പ്രത്യേക പരിഗണനയുണ്ടായിരിക്കുന്നതല്ല.
- ബുക്ക് ചെയ്ത് 18 വയസു മുതൽ പ്രായമുള്ളവർക്ക് 7 ദിവസത്തിനുള്ളിൽ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ട്രക്കിംങ് അനുവദിക്കുകയുള്ളൂ.
- ബുക്ക് ചെയ്ത് 14 വയസു മുതൽ 18 വയസിനകം പ്രായമുള്ളവർക്ക് 7 ദിവസത്തിനുള്ളിൽ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രക്ഷകർത്താവ് നൽകിയ അനുമതി പത്രം എന്നിവ ഹാജരാക്കിയാൽ മാത്രമേ ട്രക്കിംങ് അനുവദിക്കുകയുള്ളൂ.
- ടിക്കറ്റ് പ്രിന്റൗട്ടും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സലും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും സഹിതം ബോണക്കാടുള്ള ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ ട്രക്കിംഗ് ദിവസം രാവിലെ 7 മണിക്കും 9 മണിക്കും ഇടയിൽ എത്തിച്ചേരേണ്ടതാണ്. ടിക്കറ്റിൽ ഉൾപ്പെട്ട എല്ലാവരും ടിക്കറ്റ് പ്രിന്റൗട്ടിനോടൊപ്പമുള്ള സത്യപ്രസ്താവന ഒപ്പിട്ട് നൽകേണ്ടതാണ്. 10 പേരടങ്ങുന്ന ഓരോ ഗ്രൂപ്പിനും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി വഴി ഏർപ്പെടുത്തുന്ന ഒരു ഗൈഡിന്റെ സേവനം വിട്ടുനൽകുന്നതാണ്.
- ട്രക്കിംങ്ങിൽ പങ്കെടുക്കുന്നവർ കോവിഡ് മാനദണ്ഡം കർശനമായി പാലിക്കേണ്ടതാണ്.
- അഗസ്ത്യാർകൂടം ഏറെ പാരിസ്ഥിതിക പ്രാധാന്യം അർഹിക്കുന്നതും UNESCO യുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുന്നതുമായതിനാൽ ട്രക്കിംഗിൽ പൂജാദ്രവ്യങ്ങൾ, പ്ലാസ്റ്റിക്, മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. വനത്തിനുള്ളിൽ പുകവലി, ഭക്ഷണം പാകം ചെയ്യൽ എന്നിവ അനുവദിക്കുന്നതല്ല. നിരോധിക്കപ്പെട്ടിട്ടുള്ള വസ്തുവകകൾ വിലക്ക് ലംഘിച്ചു കൊണ്ടുപോകുന്നതിന് പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

- കാനനപാതയിലൂടെയുള്ള യാത്രയിൽ വന്യജീവികളിൽ നിന്നും ആക്രമണം ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതിനാൽ സത്യപ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം യാത്രക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ യാത്രനടത്തേണ്ടതാണ്. യാത്രയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പോ, ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റിയോ ഉത്തരവാദിയായിരിക്കുകയില്ല.
- സന്ദർശകരുടെ സൗകര്യാർത്ഥം ബോണക്കാട്, അതിരുമല എന്നീ സ്ഥലങ്ങളിൽ വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്യാന്റീനുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്.
- ട്രക്കിംഗിൽ പങ്കെടുക്കുന്നവർ ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- കൂടുതൽ വിവരങ്ങൾക്ക് പി.റ്റി.പി.നഗറിലുള്ള തിരുവനന്തപുരം വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്
(ടെലിഫോൺ നമ്പർ - 0471 - 2360762, 8281004537)

*തിയതി:04.01.2023*

*വൈൽഡ്‌ലൈഫ് വാർഡൻ*
*തിരുവനന്തപുരം*

അനുബന്ധം-2

# വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം സെന്ററുകളുടെ പട്ടിക

| നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തന്റെ പേര് |
|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | നെയ്യാർ |
| 2. | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | പേപ്പാറ |
| 3. | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | കോട്ടൂർ |
| 4. | തിരുവനന്തപുരം | തിരുവനന്തപുരം | പൊൻമുടി |
| 5. | തിരുവനന്തപുരം | തിരുവനന്തപുരം | കല്ലാർ |
| 6. | തിരുവനന്തപുരം | തിരുവനന്തപുരം | മങ്കയം |
| 7. | കൊല്ലം | തെൻമല | പാലരുവി |
| 8. | കൊല്ലം | അച്ചൻകോവിൽ | മണലാർ-കുംഭാവുരുട്ടി |
| 9. | കൊല്ലം | ശെന്തുരുണി | ശെന്തുരുണി |
| 10. | പത്തനംതിട്ട | റാന്നി | ആങ്ങമൂഴി |
| 11. | പത്തനംതിട്ട | കോന്നി | കോന്നി ആനത്താവളം |
| 12. | പത്തനംതിട്ട | കോന്നി | അടവി |
| 13. | പത്തനംതിട്ട | കോന്നി | കാട്ടാത്തി |
| 14. | പത്തനംതിട്ട | കോന്നി | കല്ലേലി-കടമ്പുപാറ |
| 15. | ഇടുക്കി | കോട്ടയം | ചെല്ലാർകോവിൽ |
| 16. | ഇടുക്കി | കോട്ടയം | കാൽവരിമൗണ്ട് |
| 17. | ഇടുക്കി | കോതമംഗലം | തൊമ്മൻകുത്ത് |
| 18. | ഇടുക്കി | മാങ്കുളം | വിരിപ്പാറ |
| 19. | ഇടുക്കി | മറയൂർ | മറയൂർ ആനക്കോട്ടപ്പാറ |
| 20. | ഇടുക്കി | മറയൂർ | രാജിവ്ഗാന്ധി നേച്ചർ പാർക്ക് |
| 21. | ഇടുക്കി | പെരിയാർ ടൈഗർ റിസർവ്വ് (ഈസ്റ്റ്) | പെരിയാർ ടൈഗർ റിസർവ്വ് |
| 22. | ഇടുക്കി | മൂന്നാർ വൈൽഡ്‌ലൈഫ് | ഇരവികുളം നാഷണൽ പാർക്ക് |
| 23. | ഇടുക്കി | മൂന്നാർ വൈൽഡ്‌ലൈഫ് | ഷോല നാഷണൽ പാർക്ക് |
| 24. | ഇടുക്കി | മൂന്നാർ വൈൽഡ്‌ലൈഫ് | ചിന്നാർ സാങ്ച്വറി |
| 25. | ഇടുക്കി | ഇടുക്കി വൈൽഡ്‌ലൈഫ് | തട്ടേക്കാട് പക്ഷിസങ്കേതം |
| 26. | ഇടുക്കി | ഇടുക്കി വൈൽഡ്‌ലൈഫ് | വെള്ളപ്പാറ |

| നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോട്ടൂറിസം കേന്ദ്രത്തന്റെ പേര് |
|---|---|---|---|
| 27. | തൃശ്ശൂർ | വാഴച്ചാൽ | അതിരപ്പിള്ളി |
| 28. | തൃശ്ശൂർ | പീച്ചി | ചിമ്മിനി |
| 29. | തൃശ്ശൂർ | പീച്ചി | ചൂളന്നൂർ |
| 30. | എറണാകുളം | മലയാറ്റൂർ | മുളങ്കുഴി |
| 31. | എറണാകുളം | മലയാറ്റൂർ | പാണിയേലി പോര് |
| 32. | എറണാകുളം | മലയാറ്റൂർ | കോടനാട് കാപ്രിക്കാട് |
| 33. | പാലക്കാട് | പാലക്കാട് | ധോണി |
| 34. | പാലക്കാട് | പാലക്കാട് | മീൻവല്ലം |
| 35. | പാലക്കാട് | പാലക്കാട് | അനങ്ങൻമല |
| 36. | പാലക്കാട് | മണ്ണാർക്കാട് | തൊട്ടുകാപ്പ് |
| 37. | പാലക്കാട് | നെന്മാറ | മിന്നാമ്പാറ |
| 38. | പാലക്കാട് | സൈലന്റ് വാലി | സൈലന്റ് വാലി |
| 39. | പാലക്കാട് | പറമ്പിക്കുളം കടുവാ സങ്കേതം | പറമ്പിക്കുളം കടുവാ സങ്കേതം |
| 40. | മലപ്പുറം | നിലമ്പൂർ സൗത്ത് | നെടുങ്കയം |
| 41. | മലപ്പുറം | നിലമ്പൂർ സൗത്ത് | കൊടികുത്തിമല |
| 42. | മലപ്പുറം | നിലമ്പൂർ നോർത്ത് | കനോലി-ചാലിയാർ |
| 43. | മലപ്പുറം | നിലമ്പൂർ നോർത്ത് | കോഴിപ്പാറ |
| 44. | കണ്ണൂർ | കണ്ണൂർ | പൈതൽമല |
| 45. | കണ്ണൂർ | ആറളം | ആറളം വന്യജീവി സങ്കേതം |
| 46. | കണ്ണൂർ | കണ്ണൂർ | കാഞ്ഞിരംകൊല്ലി |
| 47. | കോഴിക്കോട് | കോഴിക്കോട് | കാക്കവയൽ |
| 48. | കോഴിക്കോട് | കോഴിക്കോട് | തുഷാരഗിരി |
| 49. | കോഴിക്കോട് | കോഴിക്കോട് | കക്കയം |
| 50. | കോഴിക്കോട് | കോഴിക്കോട് | പെരുവണ്ണാമൂഴി |
| 51. | കോഴിക്കോട് | കോഴിക്കോട് | ജാനകിക്കാട് |
| 52. | വയനാട് | സൗത്ത് വയനാട് | പാക്കം-കുറുവ |
| 53. | വയനാട് | സൗത്ത് വയനാട് | ബാണാസുരമല മീൻമുട്ടി |
| 54. | വയനാട് | സൗത്ത് വയനാട് | സൂചിപ്പാറ |
| 55. | വയനാട് | സൗത്ത് വയനാട് | ചെമ്പ്രപീക്ക് |
| 56. | വയനാട് | നോർത്ത് വയനാട് | തിരുനെല്ലി-പക്ഷിപാതാളം |
| 57. | വയനാട് | നോർത്ത് വയനാട് | മുനീശ്വരൻ കുന്ന് |
| 58. | വയനാട് | വയനാട് വൈൽഡ്ലൈഫ് | തോൽപ്പെട്ടി |
| 59. | വയനാട് | വയനാട് വൈൽഡ്ലൈഫ് | മുത്തങ്ങ |
| 60. | കാസറഗോഡ് | കാസറഗോഡ് | റാണിപുരം |

********

അനുബന്ധം - 3

# ഇക്കോടൂറിസവുമായി ബന്ധപ്പെട്ട വനം വകുപ്പ് നടപ്പാക്കുന്ന ട്രെക്കിങ്ങ് പരിപാടികളുടെ വിവരങ്ങൾ

| ക്രമനമ്പർ | ജില്ല | ഡിവിഷൻ | വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ട്രെക്കിങ്ങ് പരിപാടികളുടെ വിവരം | ബുക്കിംഗ് രീതി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ് ലൈഫ് | അഗസത്യാർകൂടം ട്രക്കിംഗ് | ഓൺലൈൻ / ഓഫ്ലൈൻ ബുക്കിംഗ് |
| | | | നെയ്യാർ – കാക്കതൂക്കി ട്രക്കിംഗ് | ഓഫ്ലൈൻ ബുക്കിംഗ് |
| | | | കോട്ടൂർ ആനപുനരധിവാസ കേന്ദ്രം – കതിർമുടി ട്രക്കിംഗ് | ഓഫ്ലൈൻ ബുക്കിംഗ് |
| | | തിരുവനന്തപുരം | പൊൻമുടി – സീതാതീർത്ഥം ട്രക്കിംഗ്, വരയാടുമൊട്ട ട്രക്കിംഗ് | മുൻകൂർ ബുക്കിംഗ് ഇല്ല |
| | | | മങ്കയം – വരയാടുമൊട്ട ട്രക്കിംഗ് | മുൻകൂർ ബുക്കിംഗ് ഇല്ല |
| 2 | എറണാകുളം | ഇടുക്കി വന്യജീവി ഡിവിഷൻ | തട്ടേക്കാട് പക്ഷിസങ്കേതം ആണ് പ്രധാന വിനോദ സഞ്ചാര കേന്ദ്രം. | |
| 3 | ഇടുക്കി | കോതമംഗലം | തൊമ്മൻകുത്ത് - പെരിഫറൽ ട്രക്കിംഗ് | ഓഫ്ലൈൻ ബുക്കിംഗ് |
| | | മൂന്നാർ | ചൊക്രമുടി ട്രക്കിംഗ് | ഓഫ്ലൈൻ ബുക്കിംഗ് |
| | | പെരിയാർ ഈസ്റ്റ് ഡിവിഷൻ | തേക്കടി റെയിഞ്ചിന് കീഴിൽ ബോർഡർ ഹൈക്കിംഗ്, പശ്മാർക്ക് ട്രയൽ, ഗ്രീൻവാക്ക്, നേച്ചർ വാക്ക്, ടൈഗർ ട്രയൽ എന്നിവയും വള്ളക്കടവ് റെയിഞ്ചിൽ ജംഗിൾ സ്കൗട്ട് എന്ന ട്രക്കിംഗ് പാക്കേജും നടക്കുന്നുണ്ട്. | ഓൺലൈൻ / ഓഫ്ലൈൻ ബുക്കിംഗ് സൗകര്യം ലഭ്യമാണ്. |
| | | മൂന്നാർ വന്യജീവി ഡിവിഷൻ | ചിന്നാർ വന്യജീവി സങ്കേതത്തിലെ ആലാംപെട്ടി, ചിന്നാർ, ഷോല നാഷണൽ പാർക്കിലെ പെരുമല, പാമ്പാടും ഷോല, പഴത്തോട്ടം, പേത്തൊട്ടി എന്നിവിടങ്ങളിൽ പ്രവേശനവും ട്രക്കിംഗും അനുവദിച്ചിട്ടുണ്ട്. | ഓൺലൈൻ / ഓഫ്ലൈൻ ബുക്കിംഗ് സൗകര്യം ലഭ്യമാണ് |
| 4 | തൃശ്ശൂർ | പീച്ചി | പീച്ചി വന്യജീവി സങ്കേതത്തിൽ എലിഫന്റ് സാഗ, മൂടൽഹിൽ ഹൈക്കിങ്, ഡാംവാലി ട്രക്കിംഗ്, ബയ്സൺ ട്രയൽ ചിമ്മിനി വന്യജീവി സങ്കേതത്തിൽ വിറക്തോട് - ചുരത്തല ട്രക്കിങ്ങ് | ബുക്കിങ് പ്രകാരം ട്രക്കിങ്ങ് നടത്തുന്നു. |
| 5 | പാലക്കാട് | പറമ്പിക്കുളം | പറമ്പിക്കുളം ടൈഗർ റിസർവ്വിൽ എലഫന്റ് സോങ്ങ് ട്രയൽ, ബിയർ ബാത്ത് ട്രയൽ, പഗ്മാർക്ക് ട്രയൽ എന്നീ ട്രക്കിംഗ് പാക്കേജുകൾ നിലവിലുണ്ട്. | ഓൺലൈൻ ബുക്കിംഗ് |
| | | സൈലന്റ് വാലി | സൈലന്റ് വാലി നാഷണൽ പാർക്ക് - പൊൻമല ട്രക്കിംഗ്, കീരിപ്പാറ ട്രക്കിംഗ് | ഓൺലൈൻ ബുക്കിംഗ് |

| ക്രമനമ്പർ | ജില്ല | ഡിവിഷൻ | വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ട്രെക്കിങ്ങ് പരിപാടികളുടെ വിവരം | ബുക്കിംഗ് രീതി |
|---|---|---|---|---|
| | | പാലക്കാട് | അനങ്ങൻമല ഇക്കോ ടൂറിസം - ട്രക്കിംഗ് 1.50 കി.മീ.കാൽനടയാത്ര (9.30 AM to 2 PM) | ഓഫ്ലൈൻ ബുക്കിംഗ് |
| | | | മീൻവല്ലം ഇക്കോ ടൂറിസം - ഉരുളൻകുന്ന് മുതൽ വാച്ച് ടവർ വരെ കാൽനടയാത്ര | ഓഫ്ലൈൻ ബുക്കിംഗ് |
| | | | ധോണി ഇക്കോ ടൂറിസം - ധോണി മുതൽ വെള്ളച്ചാട്ടം വരെ കാൽനട യാത്ര (കാലത്ത് 10.30 നും ഉച്ചക്ക് 1.30 നും രണ്ട് ബാച്ചുകൾ) | ഓഫ്ലൈൻ ബുക്കിംഗ് |
| 6 | മലപ്പുറം | നിലമ്പൂർ നോർത്ത് | കോഴിപ്പാറ മുതൽ നായാടും പൊയിൽ വരെ 4 കി.മീ. ജീപ്പ് യാത്ര, പഴശ്ശി ഗുഹ മുതൽ പൊട്ടൻപ്പാറ വരെ കാൽനടയാത്ര | ഓഫ്ലൈൻ ബുക്കിംഗ് |
| 7 | കോഴിക്കോട് | കോഴിക്കോട് | തുഷാരഗിരി-തേൻപ്പാറ - 12 കി.മീ<br>തുഷാരഗിരി -തോക്കയം - 5 കി.മീ<br>തുഷാരഗിരി- തുമ്പിതുള്ളുംപാറ - 2 കി.മീ | www.thusharagiri എന്ന വെബ്സൈറ്റിൽ ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്നവർക്കാണ് ട്രക്കിംഗിന് അനുമതി കൊടുക്കാറുള്ളത്. |
| 8 | വയനാട് | നോർത്ത് വയനാട് | ബ്രഹ്മഗിരി, ചിറപ്പുല്ല് എന്നിവിടങ്ങളിൽ ട്രക്കിങ്ങിനായി രാവിലെ 7.30 മുതൽ 9.30 വരെ ടിക്കറ്റെടുത്ത് പ്രവേശിക്കാവുന്നതാണ്. | ഓഫ്ലൈൻ ബുക്കിംഗ് |
| | | സൗത്ത് വയനാട് | ചെമ്പ്രാ പീക്കിൽ രാവിലെ 7 മുതൽ ഉച്ചയ്ക്ക് 12 മണിവരെ ടിക്കറ്റ് എടുത്ത് ട്രക്കിങ്ങിനായി പ്രവേശിക്കാവുന്നതാണ്.<br><br>ബാണാസുരമല മീൻമുട്ടി ഇക്കോ ടൂറിസം കേന്ദ്രത്തിൽ രാവിലെ 7.30 മുതൽ 11 മണി വരെ ടിക്കറ്റ് മുഖേന ട്രക്കിങ്ങ് സൗകര്യം (ആനച്ചോല-കാറ്റുകുന്ന്) | ഓഫ്ലൈൻ ബുക്കിംഗ് |
| 9 | കണ്ണൂർ | കണ്ണൂർ | പുറത്തൊട്ടി-പൈതൽമല, മഞ്ഞപ്പുല്ല്-പൈതൽമല, കൊട്ടിയൂർ റെയിഞ്ചിൽ പാലുകാച്ചിമല എന്നിവിടങ്ങളിൽ ട്രക്കിങ്ങ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. | ഓഫ്ലൈൻ ബുക്കിംഗ് |